# SNDPHSS KARAMVELY

## PATHANAMTHITTA



# *ACADEMIC MASTERPLAN*

## *2025-26*

# ആമുഖം

ശ്രീ.കെ.എസ്.കൃഷ്ണൻ വൈദ്യർ,ശ്രീ.എം.എം.വെളുത്തകുഞ്ഞ്എന്നിവരുടെ നേതൃത്വത്തിൽ 1947-കാരംവേലി എന്ന മനോഹര ഗ്രാമപ്രദേശത്ത് ഒരു കെടിടം ഉയർന്നു.1949 ല് 152-ം നമ്പര് കാരംവേലി എസ്.എൻ.ഡി.പി ശാഖയുടെ കീഴില് 4ം ഫോറ്ത്തിൽ രണ്ടു ഡിവിഷനുകളോടെ സ്കൂൾ തുടങ്ങി 1999-ൽ അന്നത്തെ ഗവൺമെന്റ് കാരംവേലി എസ് എൻ ഡി പി ശാഖയ്ക്ക് ഒരു ഹൈസ്കൂളിനുള്ള അംഗീകാരം നൽകി. അങ്ങനെ രണ്ട് ഡിവിഷനോട്ടുകൂടി ആരംഭിച്ച ഈ സരസ്വതീ ക്ഷേത്രത്തിന്റെ പ്രഥമാദ്ധ്യാപകൻ ശ്രീ. നിലകണ്ഠ വാര്യർ ആയിരുന്നു.

1960 കാലയളവിൽ 500 ഓളം വിദ്യാർത്ഥികളും 50 -ൽ പരം അദ്ധ്യാപകരും ഉള്ള ഒരു വലിയ സ്ഥാപനമാവുകയും ഈ പ്രദേശത്തെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിയ്ക്കുകയും ചെയ്തു.ഇത് കാരംവേലി ദേശത്തിന് 1960 - [964 കാലയളവിലാണ് ഇന്നു കാണുന്ന മനാഹരമായ ആഡിറ്റോറിയം സ്കൂളിന് ലഭിച്ചത്.ഈ കാലഘട്ടത്തിൽ സമുദായ സ്നേഹികളായ ശാഖാപ്രവർത്തകർ സ്കൂളിന്റെ ചുമതല എസ്എൻ ഡി പി യോഗത്തിന് വിട്ടുകൊടുത്തു.

യോഗ നേതൃത്വത്തിന്റെ ശ്രമഫലമായി 2000-2001 -ൽ കാരംവേലി എസ്.എൻ.ഡി.പി ഹൈസ്കൂളിന് പ്ലസ് ടുവിനുള്ള അംഗീകാരം ലഭിയ്ക്കുകയും നമ്മുടെ സ്ഥാപനം കാരംവേലി എസ്.എൻ.ഡി.പി.ഹയർ സെക്കന്ററി സ്കൂളായി ഉയരുകയും ചെയ്തു.ഈ സ്കൂളിന്റെ ഇപ്പോഴത്തെ സർവ്വതോൻമുഖമായ വളർച്ചയ്ക്ക് എസ്.എൻ.ഡി.പി.യോഗ നേതൃത്വം പ്രത്യേക ശ്രദ്ധ നൽകുന്നു

എസ്.എൻ.ഡി.പി യോഗം, യൂണിയൻ, ശാഖ, സ്കൂൾ രക്ഷകർത്ത സമിതി, സ്കൂൾ വികസന സമിതി, നല്ലവരായ നാട്ടുകാർ എന്നിവർ സ്കൂളിന്റെ പുരോഗതിയ്ക്ക് നിതാന്ത ജാഗ്രത പുലരത്തുന്നു. ഒരു പുതുപുത്തൻ ഉണർവ്വ് നൽകു.

# ഭൗതിക സൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിൽ പുനലൂർ _ മൂവാറ്റുപുഴ റോഡിന് അഭിമുഖമായാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 3 കെട്ടിടങ്ങളിലായി 12 ക്ലാസ് മുറികളും , ഹയർസെക്കൻഡറിയ്ക്ക് ഒരു

കെട്ടിടത്തിലായി 8 ക്ലാസ് മുറികളും ഉണ്ട്. സർവ്വ സജ്ജമായ ലാബുകൾ, ലൈബ്രറി, ടോയ് ലറ്റ് ബ്ലോക്കുകൾ, എല്ലാ ക്ലാസ് മുറികളും ഫാൻ സൗകര്യം, കുട്ടികളുടെ യാത്രാ സൗകര്യത്തിനായി വിവിധ പ്രദേശങ്ങളിൽ നിന്നും സ്കൂളിലെത്തുവാൻ സ്കൂൾ ബസ് , ഇവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൈക്കിൾ ഷെഡ് , വാഹനങ്ങൾ പാർക്ക ചെയ്യുവാൻ കാർ ഷെഡ് ഇവയും സജ്ജമാക്കിയിട്ടുണ്ട്.വിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ സ്ഥിതി ചെയ്യുന്ന കമ്പ്യൂട്ടർ ലാബിൽ 16 ഓളം കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ , LED ടി.വികൾ ഇവയും സ്ഥാപിച്ചിട്ടുണ്ട്. മുഴുവൻ ക്ലാസ് മുറികളിലും പ്രൊജക്ടർ, ലാപ് ടോപ്പ് തുടങ്ങിയവ സ്ഥാപിച്ച് ഹൈടെക് സംവിധാനമുള്ള വിദ്യാലയമാണിത്. കുട്ടികളുടെ പഠന സൗകര്യത്തിനായി ആധുനിക ശബ്ദ സംവിധാനങ്ങളോടു കൂടിയുള്ള മൾട്ടിമീഡിയ തീയേറ്റർ സ്കൂളിന്റെ എടുത്തു പറയത്തക്ക സവിശേഷതയാണ്. 500 ഓളം കുട്ടികൾക്ക് ഒരേ സമയത്ത് ഒത്തുകൂടാൻ സാധിക്കുന്ന വിശാലമായ ഓഡിറ്റോറിയം വിദ്യാലയത്തിനുണ്ട്. പൂർണ്ണമായും സി.സി. ടി.വി. നിരീക്ഷണത്തിലുള്ള ഈ വിദ്യാലയത്തിന്റെ ഭൗതീക സാഹചര്യങ്ങൾ കുട്ടികൾക്ക് പഠന മികവിനുള്ള സ്രോതസുകൂടിയാണ്.

# പാഠ്യേതര പ്രവർത്തനങ്ങൾ

- ക്ലാസ് മാഗസിന്.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവര്ത്തനങ്ങള്.
- ലിറ്റിൽ കൈറ്റ്സ്
- സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് .
- റെഡ്ക്രോസ്.
- ഇക്കൊ ക്ളബ്ബ് .

# മേഖല: അക്കാദമികം

## ഉപമേഖല:മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ,അക്ഷര കാർഡ് നൽകൽ ,വാക്കുകൾ എഴുതിയ കാർഡ്,ചിത്രം നൽകി കഥയാക്കൽ,വാക്കുകൾ നിർമ്മിക്കുക ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് എടുക്കുക | രണ്ടുമാസം ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളാണ് ഉദ്ദേശിക്കുന്നത് | ഈ പ്രവർത്തനങ്ങളുടെ ചുമതല അധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും ആണ് | |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ,സ്കൂൾ ലൈബ്രറി നവീകരിക്കൽ വായനോത്സവം സംഘടിപ്പിക്കൽ പത്രവായന വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾ | ആറുമാസം | അധ്യാപകർക്കും രക്ഷിതാക്കൾക്കും ആണ് | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം ,രൂപീകരിക്കുക , വായനാക്കുറിപ്പ് ,പതിപ്പ് , വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, സംഘരചന, വ്യക്തി രചന | ആറുമാസം | പിടിഎ അംഗങ്ങൾക്കും അധ്യാപകർക്കും ആണ് ഇതിന്റെ ചുമതല | |
| സദസിനെ അഭിമുഖീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകി പ്രസംഗത്തിന് തയ്യാറാക്കുക<br><br>ചുമർ ചിത്രങ്ങൾ പതിപ്പ് ഇവ തയ്യാറാക്കുക പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദി തയ്യാറാക്കുക | ആറുമാസം | ട്രെയിനറ | |

# ഉപമേഖല:ഇംഗ്ലീഷ്

| AIM | ACTIVITIES | TIME | RESPONSIBILITY | FINANCE |
|---|---|---|---|---|
| Communicate English with confidence | Class English library<br>English Assembly spoken English class | Working days and Saturday s | PTA and teachers | PTA management |
| Give opportunity to express in English | Preparing profile ,script<br>Exhibiting English films | Along with the classroom activities | English teacher s | English club |
| Develop the skill of recitation and poetry writing | Conduct recitation competition and poetry writing competition<br>Give opportunity to listen and read famous poems | VACATION CLASSROOM ACTIVITIES | English teacher s | English club |
| English language learning using ICT | Give the opportunity to listen to the interviews of famous writers, documentaries etc | Saturdays | English teachers | English club |
| Developing of independent reading and writing | News reading and preparation of weekly newspaper preparing reviews of famous books | Vacation classroom activities | English teachers | English club |
| Dramatisation | Skit, Script,Role play | Classroom activities and Saturday | English teachers | English club |

# ഉപമേഖല :ഹിന്ദി

## പൊതുവായ **ലക്ഷ്യങ്ങൾ**

***** സ്കൂളിൽ പഠിച്ചുവരുന്ന കുട്ടികൾക്ക് ഹിന്ദി ഭാഷാ പ്രാവീണ്യവും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഓരോ ക്ലാസ്സിലും ലഭിക്കുന്ന പഠന നേട്ടങ്ങൾ കുട്ടികൾക്ക് നേടാൻ സഹായിക്കുക.

* ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകമാക്കാൻ ആഗ്രഹം ഉൾക്കൊള്ളുന്ന ആസൂത്രണം ചെയ്യുക.

* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭ്രാസ്, സ്നേഹവും, ദേശ സ്നേഹവും വളർത്തിയെടുക്കുക.

* ഭിന്നശേഷി കുട്ടികൾക്ക് അറിയുവാനായി പഠനപ്രവർത്ത നങ്ങൾ നൽകി മികവ് നേടാൻ പ്രോത്സാഹിപ്പിക്കുന്നു.

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** |
|---|---|
| അക്ഷരം, ചിത്രം തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിശീലിപ്പിക്കുന്നു | അക്ഷരങ്ങൾ ഇട്ടുകാണിച്ച് കാർഡ് നൽകുക ,അക്ഷരങ്ങൾ വായിപ്പിക്കുന്നു |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു |
| ആഴ്ചയുടെ എണ്ണങ്ങൾ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു,വർക്ക് ഷീറ്റുകൾ നൽകുന്നു, ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു |

# ഉപമേഖല :സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാഡമികവർഷം നിശ്ചിത തീയതികളിൽ. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ. | സുമനസുകൾ |
| ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റി എടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ പാർലമെന്റ്, മോക്ക് പാർലമെന്റ് | അക്കാദമിക വർഷത്തിലെ പ്രേത്യേകം തിരഞ്ഞെടുത്ത ദിനം. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | കുട്ടികൾ |
| സാമൂഹ്യശാസ്ത്രത്തിൽ പരിഷ്കരണ, നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ, കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു. | വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | പി ടി എ |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. സാമൂഹ്യ പരിഷ്കാർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രൊജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ. | സാമൂഹ്യശാസ്ത്ര ക്ലബ് |
| ഭൂപട വായന കുട്ടികളിൽ വളർത്തുക,സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്നഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടപഠനം പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവാർത്തനങ്ങൾ കാഴ്ച വെയ് ക്കുന്നു. | അക്കാദമികവർഷ ം മുഴുവനും | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |

| | | | | |
|---|---|---|---|---|
| സഹായിക്കുന്നു. ഭൂപടപഠനം പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെയ് ക്കുന്നു. അറ്റ്ലസ്,മാപ്പുകൾ, ഗ്ലോബ്, എന്നിവ പരിചിതമാക്കുന്നു ലക്ഷ്യം കൈവരിക്കുക. | | | | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | . സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനചാരണങ്ങൾ, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |
| വ്യത്യസ്ത ഇനം മണ്ണിനങ്ങൾ, ജലാശയങ്ങൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്നാ ലക്ഷ്യം | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്രലാബുകളുടെ ക്രമീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം രസകരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | |

# ഉപമേഖല:സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി,കുട്ടി-അധ്യാപകൻ എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ രണ്ട് ദിവസം | എസ് ആർ ജി ,സയൻസ് ടീച്ചർ | - |
| ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ,ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ. | ആറുമാസത്തിൽ ഒരിക്കൽ | എസ് ആർ ജി, സയൻസ് ടീച്ചർ | |
| ചോദ്യപേപ്പർ, ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ,ശില്പശാല സംഘടിച്ച് ചോദ്യശേഖരം തയ്യാറാക്കൽ സമഗ്രയിൽ അപ്ലോഡ് ചെയ്യൽ | മൂന്ന് മാസം | എസ് ആർ ജി ,സയൻസ് ടീച്ചർ | 1000,PTA |
| മോഡൽ നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ, | ഒരുമാസം | എസ് ആർ ജി,സയൻസ് ടീച്ചർ | 2500 ,PTA |

| | | | | |
|---|---|---|---|---|
| | ശില്പശാലയിലൂടെ നിർമ്മിക്കൽ | | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം, പരീക്ഷണങ്ങൾ പൊതു സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കൽ, സ്കൂൾ തല എക്സിബിഷൻ | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ്ബ് | PTA |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകൽ | വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ് | PTA |
| ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും സജ്ജീകരിക്കൽ | ജനുവരി മുതൽ ഒരു മാസം | സയൻസ് ടീച്ചേഴ്സ് | |

# ഉപമേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മുന്നറിയി പരിശോധന | കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നത് പരിശോധിക്കുന്നത ിനുള്ള ടെസ്റ്റ് നടത്തുന്നു | രണ്ടാഴ്ച | ഗണിത അധ്യാപിക | |
| കുട്ടികൾക്ക് ഗണിതത്തോട് താല്പര്യമുണ്ടാക്കുക | ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു | ഒരു മാസം | ഗണിത അധ്യാപിക | |
| ജിയോജിബ്ര, AI തുടങ്ങിയ സാങ്കേതങ്ങൾ കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക | ജ്യാമിതീയ രൂപങ്ങൾ,അളവുക ൾ, ബന്ധങ്ങൾ ഇവ മനസ്സിലാക്കുന്നതി ന് ജിയോജിബ്ര സോഫ്റ്റ്‌വെയർ പരിശോധിക്കുകയു ം പരിചയപ്പെടുത്തുക യും പഠന വിഭവങ്ങൾ സ്വയം തയ്യാറാക്കുകയും ചെയ്യുന്നു- | രണ്ടാഴ്ച | ഗണിത അധ്യാപിക | |
| ജ്യാമിതീയ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുക- | ജ്യാമിതീയ പെട്ടിയിലെ ഉപകരണങ്ങൾ ഉപയോഗിച്ചുകൊ ണ്ട് ജ്യാമിതീയ പാറ്റേണുകൾ നിർമ്മിക്കുക | ഒരുമാസം | തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ | |